പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 268 27/02/2017-ൽ മറുപടിക്ക്

## പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| പ്രൊഫ.കെ.യു. അരുണൻ | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പരിപാടികളുടെ വിജയകരമായ നടത്തിപ്പിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടതെന്ന് വ്യക്തമാക്കുമോ; | എ) | 5 വയസ്സിനു താഴെയുള്ള കുട്ടികൾക്കുള്ള പോളിയോ തുള്ളിമരുന്ന് കേന്ദ്ര സർക്കാർ സംസ്ഥാനത്ത് എത്തിക്കുന്നു. അവ ശക്തമായ ശീതശൃംഖല സംവിധാനം വഴി 3 റീജിയണൽ വാക്സിൻ കേന്ദ്രങ്ങളിലേയ്ക്കും തുടർന്ന് ജില്ലാ പി.എച്ച്.സി/സി.എച്ച്.സി കേന്ദ്രങ്ങൾക്കും എത്തിക്കുന്നു. തുടർന്ന് ശീതശൃംഖലാ സംവിധാനത്തിലൂടെ വാക്സിൻ കാരിയർ വഴി പോളിയോ ബൂത്തുകളിൽ എത്തിക്കുകയും മെഡിക്കൽ ആഫീസർമാർ, ആരോഗ്യ പ്രവർത്തകർ, സൂപ്പർവൈസർമാർ എന്നിവരുടെ നേതൃത്വത്തിൽ വാക്സിൻ വിതരണം നടത്തുകയും ചെയ്യുന്നു. 50000-ത്തോളം വാക്സിനേറ്റർമാർ - ആരോഗ്യ പ്രവർത്തകർ പോളിയോ ദിനങ്ങളിൽ വാക്സിൻ നൽകുന്നതിനായി സേവനം ചെയ്യുന്നു. തുടർന്ന് പി.എച്ച്.സി/ സി.എച്ച്.സി താലൂക്ക്-പി.പി.യൂണിറ്റ് തലത്തിൽ റിപ്പോർട്ട് ക്രോഡീകരിച്ച് ജില്ലകൾക്കും തുടർന്ന് സംസ്ഥാനത്തിനും അവിടെ നിന്നും ക്രോഡീകരിച്ച് കേന്ദ്ര സർക്കാരിനും അയയ്ക്കുന്നു. പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പരിപാടിയുടെ വിജയത്തിന് വിവിധങ്ങളായ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിൽ സംസ്ഥാന തല ഓഫീസർമാരുടെ മീറ്റിംഗ് കൂടുകയും കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ പ്രവർത്തന പദ്ധതി തയ്യാറാക്കുകയും ചെയ്യുന്നു. ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പുകളുടെ ഇന്റർ സെക്ടറൽ കമ്മറ്റി |

| | | | |
|---|---|---|---|
| | | | കൂടുകയും ഓരോ വകുപ്പുകളും നടത്തേണ്ട പ്രവർത്തനങ്ങൾ തീരുമാനിക്കുകയും ചെയ്യുന്നു. പി.എച്ച്.സി/ സി.എച്ച്.സി താലൂക്ക്-പി.പി.യൂണിറ്റുകൾക്ക് 10,000 രൂപ മുതൽ 15,000 രൂപ വരെ തദ്ദേശ സ്ഥാപനത്തിന്റെ ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനും പോളിയോ ദിനങ്ങൾക്ക് മുമ്പും പിമ്പും 5 ദിവസത്തേയ്ക്ക് തുടർച്ചയായി തടസ്സമില്ലാതെ വൈദ്യുതി ലഭ്യമാക്കാനും ആശ, അംഗൻവാടി കുടുംബശ്രീ പ്രവർത്തകരുടെ സന്നദ്ധ സേവനം ആ ദിവസത്തേയ്ക്ക് വിട്ടുനൽകുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യുന്നു.<br>സംസ്ഥാനതലത്തിൽ ബൂത്ത് ബാനർ, സ്റ്റിക്കർ, സന്ദേശങ്ങൾ എന്നിവ തയ്യാറാക്കി വിതരണം ചെയ്യുന്നുണ്ട്. ആരോഗ്യ വകുപ്പിന്റെയും ലോകാരോഗ്യ സംഘടനയുടെയും സ്വതന്ത്ര നിരിക്ഷകർ പ്രവർത്തനം നിരീക്ഷിച്ച് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ലാതല പ്രവർത്തനങ്ങൾക്ക് ജില്ലാ മെഡിക്കൽ ഓഫീസർമാർ, ജില്ലാ കളക്ടർമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ എന്നിവർ നേതൃത്വം നൽകുന്നു. ആരോഗ്യ പ്രവർത്തകർക്കാവശ്യമായ പരിശീലനം, പത്ര ദൃശ്യമാദ്ധ്യമങ്ങളിലൂടെയുള്ള വാർത്തകൾ, അറിയിപ്പുകൾ, ബോധവൽക്കരണ പ്രവർത്തനങ്ങൾ മുതലായവ നൽകിയിരുന്നു. പോളിയോ ദിനത്തിന് തൊട്ട് മുമ്പായി ആരോഗ്യ വകുപ്പ് മന്ത്രിയുടെ ഇതു സംബന്ധിച്ച പത്ര സമ്മേളനവും ഉണ്ടായിരുന്നു. |
| ബി) | എത്രശതമാനം ശിശുക്കൾക്ക് പോളിയോ തുള്ളിമരുന്നുകൾ നൽകുന്നതിന് സാധിച്ചുവെന്ന് അറിയിക്കാമോ? | ബി) | ഈ വർഷം ആദ്യ റൗണ്ടിൽ (ആകെ 2 റൗണ്ട്- 29/01/2017 നും 02/04/2017 നും) 97% നേട്ടം കൈവരിക്കാൻ സാധിച്ചു. |

സെക്ഷൻ ഓഫീസർ.